പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2197 07.07.2015-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്കാരിക മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി

ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.വി.ഡി.സതീശൻ

മറുപടി

ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്കാരിക മൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുവാൻ എന്തെല്ലാം കാര്യങ്ങളാണ് പട്ടികവർഗ്ഗ സങ്കേതങ്ങൾക്കായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | എ) | 2014-15 സാമ്പത്തികവർഷം ആരംഭിച്ച എ.റ്റി.എസ്.പി (അഡീഷണൽ ട്രൈബൽ സബ്പ്ലാൻ) പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത കോളനികളുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി ടി കോളനികളുടെ സാംസ്കാരിക മൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി കമ്മ്യൂണിറ്റി/ കൾച്ചറൽ സെന്ററുകൾ, ശിശുപരിപാലനം, അംഗനവാടികൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ കൂടാതെ ഇന്റർനെറ്റ്, എൽ.സി.ഡി ടി.വി എന്നീ സൗകര്യങ്ങളോട് കൂടിയ വായനശാലകൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>2013-14 വർഷത്തിൽ ആരംഭിച്ച ഹാംലെറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അംഗനവാടി പുനരുദ്ധാരണം, സാംസ്കാരിക നിലയ നിർമ്മാണം എന്നീ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) | ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി പട്ടികവർഗ്ഗ വികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി മേഖലാ കേന്ദ്രീകൃത കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തുകയും, മോണിറ്ററിംഗ് നടത്തുകയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു.<br>സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഹൈലെവൽ കമ്മിറ്റിയിൽ ജില്ലാ കളക്ടർമാരുമായും, വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും വീഡിയോ കോൺഫറൻസിംഗ് വഴി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തിയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിലയിരുത്തി വരുന്നു. |

Hariprasad

സെക്ഷൻ ഓഫീസർ